LABOURERS AT PERINGALKUTHU—NUMBER OF WORKING DAYS

14. മിസ്റ്റർ എം. കെ. വട്ടീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ.—

(എ) പെരിങ്ങൽകുത്തിലെ തൊഴിലാളികൾ പതിനഞ്ചു ദിവസത്തിൽ കൂടുതൽ അവിടെ ജോലിചെയ്യുന്നില്ലെന്നറിയുന്നതു വാസ്തവമാണോ;

(ബി) വാസ്തവമാണെങ്കിൽ അതിനു കാരണമെന്തു?

റാവു സാഹിബു് കെ. അയ്യപ്പൻ:

(എ) അല്ല. പെരിങ്ങൽകുത്തിലെ തൊഴിലാളികൾ പതിനഞ്ചുദിവസത്തിലൊരിക്കൽ നാട്ടിലേക്കു പോവുക പതിവായിരുന്നു. എന്നാൽ ഈയിടെയായി ഒരുമാസം ജോലിചെയ്യാമെന്ന കരാറിന്മേൽ തൊഴിലാളികളെ എപ്പെട്ടുത്തിയിട്ടുണ്ടു്.

(ബി) ഉത്തരം ആവശ്യമില്ല.

PROHIBITION OF NEWSPAPER "DESABHIMANI"

15. മിസ്റ്റർ പി. ഡി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവു മറുപടി പറയുമോ.—

(എ) ദേശാഭിമാനി പത്രം കൊച്ചിയിൽ നിരോധിച്ചുകൊണ്ടുള്ള ഗവൺമെണ്ടുത്തരവു് എന്നാണു് പ്രസിദ്ധീകരിക്കപ്പെട്ടതു്;

(ബി) ആ തീയ്യതിക്കു എത്രമാസം മുമ്പുള്ള ലക്കങ്ങൾക്കാണു് ഈ നിരോധനം ബാധകമാക്കിയിട്ടുള്ളതു്;

(സി) കുറ്റകരമായിരുന്ന ഇത്രയും കാലത്തെ പ്രസിദ്ധീകരണമെങ്കിൽ നടപടിയെടുക്കുവാൻ ഗവൺമെണ്ടു് ഇത്രയും കാലവിളംബം വരുത്തിയതു് എന്തിനു്?

റാവു സാഹിബു് എ. മാധവപ്രഭു:

(എ) ഫൻർ൭ ജൂൺ ൩-൦൩-.

(ബി) ഫൻർ൭ ഫെബ്രുവരി ൧-൦൩- മുതല്ലുള്ള ലക്കങ്ങൾക്കു്.

(സി) അതിനുള്ള നിയമംതന്നെ പാസ്സാക്കിയതു് ൩—൩൯—൴൭-ൽ ആണു്.

ACTION AGAINST EMPLOYERS

16. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും ദയവു മറുപടി പറയുമോ.—

തൊഴിലാളിപ്രതിനിധികളുമായി കൂടിയാലോചന നടത്തുന്നതിനും അവരുടെ കുത്തുകൾക്കു മറുപടി അയയ്ക്കുന്നതിനും കൂട്ടാക്കാതിരുന്നിട്ടുള്ള ഏതു തൊഴിലുടമസ്ഥന്മാരുടെ പേരിൽ നിയമാനുസരണം നടപടിയെടുപ്പാൻ വിദ്യാഭ്യാസമന്ത്രിക്കു കഴിഞ്ഞിട്ടുണ്ടെന്നു ഗവൺമെണ്ടു പറയുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉടമസ്ഥന്മാരോ മാനേജ്മെൻറുകളോ സ്വീകരിക്കാത്ത തൊഴിലാളി പ്രതിനിധികളുമായി കൂടിയാലോചന നടത്തുന്നതിനുള്ള ഒരു നിയമം നിലവിലില്ല. അങ്ങിനെ സ്വീകരിച്ചിരിക്കുന്നവരുമായി തമ്മിൽ എഴുത്തുകുത്തുകളും സംഭാഷണങ്ങളും നടന്നുവരുന്നുണ്ടു്. സ്വീകരിക്കാത്ത യൂണിയൻ പ്രതിനിധികളുമായി സംഭാഷണങ്ങളും കത്തെടവാടുകളും നടത്തുന്നതിനു് ഉടമസ്ഥന്മാരെ യഥോചിതം ഉപദേശിക്കുകയും അവർ അതിനെ സ്വീകരിക്കുകയും ചെയ്യുന്നുണ്ടു്. അവരുടെ തുക കൃത്യമായി പറയുന്നതിനു സാധിക്കുന്നതല്ല.

QUALIFICATION OF MIDWIVES IN THE STATE SERVICE

17. Mrs. T. Francis *(Ernakulam-Women)*: Will Government be pleased to state—

whether there are in the Cochin State Service midwives possessing higher qualifications who can be put in charge to supervise and guide the present midwives working in at least such hospitals as the Women and Children's Hospital, Mattancheri, and the Maternity Hospital, Trichur?

Rao Bahadur T. K. Nayar *(Minister for Public Health)*: No.

VALA COLONY—LAND ACQUISITION—DETAILS REGARDING

18. Mr. P. T. Jacob *(Latin-Christians—Mattancheri)*:

(a) will Government be pleased to state whether there was a Post-war Reconstruction Department Notification in the Government Gazette, dated 8th Meenam 1122 about land acquisition for a Vala Colony in the Rameswaram Village;

LIBRARY ARCHIVES Kerala Legislative Assembly

(*b*) if so, when did such a request come to the notice of the Government, by whom was it presented and what occasioned it ;

(*c*) from what date did the Government begin their investigations and what steps had the Government taken till date of the said Notification ?

Mr. C. R. Iyyunni *(Minister for Revenue):*

(*a*) Yes.

(*b*) In the year 1120 certain petitioners belonging to the Vala Community of Palluruthy, Vadakkummuri and Rameswaram Kizhakkummuri petitioned to Government to acquire and establish a Vala Colony for them, as they had no house sites of their own to live in.

(*c*) On receipt of the petition Government started investigation and took necessary steps to acquire suitable sites for the colony.

Mr. K. RAJAGOPALAN—DEPUTATION OF

19. മിസിസ്സ് ടി. ഫ്രാൻസിസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) എറണാകുളം മുതൽ വൈപ്പിൻകരവരെ പാലങ്ങൾ ഉണ്ടാക്കുന്നതിനെ സംബന്ധിച്ചുള്ള പദ്ധതിയെപ്പറ്റി അന്വേഷിക്കുന്നതിനു ഇറിഗേഷൻ ഡിപ്പാർട്ടുമെണ്ടിലെ അസിസ്റ്റൻറ എഞ്ചിനീയർ ശ്രീ കെ. രാജഗോപാലൻ, ബി. ഇ. യെ നിയോഗിച്ചിരിക്കുന്നു എന്നു ഫർസ്റ മേയ് 2-ാംനു-ത്തെ "ദീപം" ദിനപത്രത്തിൽ കണ്ടു. ഈ വാർത്തയിൽ എത്ര വാസ്തവമുണ്ട് ;

(ബി) അങ്ങിനെതന്നെ നിയോഗിച്ചിട്ടുണ്ടെങ്കിൽ ഇത്ര കാലം കൊണ്ട് അന്വേഷണം തീർക്കണമെന്നു ഗവൺമെണ്ട് നിശ്ചയിച്ചിട്ടുണ്ടൊ ?

റാവു സാഹിബ് കെ. അയ്യപ്പൻ :

(എ) ഈ വാർത്ത മുഴുവൻ വാസ്തവമാണ്.

(ബി) നാലുമാസംകൊണ്ട് അന്വേഷണം തീർക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

CORRUPTION ENQUIRY TRIBUNAL—REPORT—SUBMISSION OF

20. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) ഉദ്യോഗസ്ഥ അഴിമതി അന്വേഷണക്കമ്മിറ്റിയെ എന്നാണ് ഗവൺമെണ്ട് നിയമിച്ചത് ;

(ബി) കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം ;

(സി) എന്തെല്ലാം അധികാരങ്ങളും ചുമതലകളുമാണ് കമ്മിറ്റിക്ക നൽകിയിട്ടുള്ളത് :

(ഡി) കമ്മിറ്റി ഇതുവരെയായി ചെയ്ത പ്രവൃത്തികൾ എന്തെല്ലാം ?

റാവു സാഹിബ് എ. മാധവപ്രഭ :

(എ) അങ്ങനെയൊരു കമ്മറ്റിയെ നിയമിച്ചിട്ടില്ല.

(ബി), (സി), (ഡി) ഉത്തരം ആവശ്യമില്ല.

APPLICATIONS FOR THE SUPPLY OF MAIDA

21. മിസ്റ്റർ എം. കെ. വല്ലീസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി നൽകുമോ.—

(എ) ഫെബ്രുവരി-മാണ്ടിൽ മേടമാസം അവസാനദിവസംവരെ പുതിയ ബാക്കറിക്കാരിൽനിന്നു Maida പൊടിക്ക് എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) എത്ര അപേക്ഷകൾ പ്രകാരം പൊടി അനുവദിച്ചു ;

(സി) ആരൊക്കെയാണ് ആ അപേക്ഷകർ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഫെബ്രു.

(ബി) ഒരു.

(സി) അനുബന്ധം നോക്കുക. (Please see Appendix I)

LIBRARY ARCHIVES Kerala Legislative Assembly